# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 02.11.2024 മുതൽ 06.11.2024 വരെ**

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 44/2024, (88) വെള്ളിയാഴ്ച്ച | തീയ്യതി 01/11/2024 |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ഒക്ടോബർ 26 മുതൽ നവംബർ 01 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2024 നവംബർ 02 മുതൽ നവംബർ 06 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 26/10 | 27/10 | 28/10 | 29/10 | 30/10 | 31/10 | 01/11 | തീയ്യതി | | 02/11 | 03/11 | 04/11 | 05/11 | 06/11 |
| 0.4 | 0.0 | 6.8 | 0.0 | 0.0 | 0.0 | 73.6 | മഴ (മില്ലീമീറ്റർ) | | 10 | 5 | 2 | 2 | 0.2 |
| 33.4 | 32.2 | 32.5 | 32.4 | 33.2 | 33.4 | 34.2 | ഉയർന്ന താപനില (°C) | | 34 | 34 | 33 | 32 | 32 |
| 23.0 | 24.2 | 22.9 | 23.5 | 23.9 | 24.4 | 23.5 | കുറഞ്ഞ താപനില (°C) | | 24 | 24 | 24 | 25 | 25 |
| Partly cloudy | Partly cloudy | Cloudy | Cloudy | Partly cloudy | Partly cloudy | Partly cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Overcast | Overcast |
| Cloudy | Partly cloudy | Overcast | Partly cloudy | Partly cloudy | Partly cloudy | | PM | | | | | | |
| 93 | 97 | 93 | 92 | 95 | 92 | 95 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 89 | 89 | 89 | 89 | 89 |
| 73 | 72 | 66 | 64 | 71 | 65 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 73 | 73 | 73 | 73 | 73 |
| 2.1 | 1.8 | 1.7 | 1.2 | 1.1 | 1.1 | 1.6 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 2 | 2 | 2 | 2 |
| NNE | C | NNE | C | C | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | W | SW | SSW | WSW | SSW |
| SSW | C | SSW | C | SSW | SSE | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/10/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 74.0 | 3034.8 | 220.9 |

**കാലാവസ്ഥാ അറിയിപ്പ്:-** IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

പൊതുനിർദേശങ്ങൾ: കാലവർഷസമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറുപരുവം | ഓലച്ചുരുട്ടിപ്പുഴു | നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| വാഴ | രാസവളപ്രയോഗം | വാഴയിൽ ഒന്നാംഘട്ട വളപ്രയോഗം നടത്താവുന്നതാണ്. ഓരോ വാഴകൾക്കും 65 ഗ്രാം യൂറിയ, 325 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 110 ഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ ഇട്ടുകൊടുക്കാവുന്നതാണ്. |
| പച്ചക്കറികൾ- (വെള്ളരിവർഗ്ഗങ്ങൾ) പാവൽ, പടവലം | മൃദുരോമപ്പൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുമ്പോൾ വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി രണ്ടര ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: എലിപ്പനിക്കും ബാഹ്യപരാദങ്ങൾക്കും എതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)